# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 15
Issue 8

**August 2026**

Price:Rs.5/-
Pages 24


"അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു" **(കൊലൊസ്യർ 1:28–29)**


REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L  L I F E  V O I C E

| Volume 15 | Issue 8 | August 2026 | Pages 24 | Rs.5/ |
| --- | --- | --- | --- | --- |

Annual Subscription: Rs.60/-



Editor:

Dr. Sebastian M.V. (PhD)

Ph: 95 44 557 557

**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in


Book No.

176

## ഉള്ളടക്കം

പേജ്


- **കാരണഭൂതനും പൂക്കിയും** 3
- **വായനക്കാരുടെ അഭിപ്രായങ്ങൾ** 6
- **ആസ്യയിലെ ഏഴ് സഭകൾ** (30) 8
- **യോനാ (പുസ്തകപഠനം)** (24) 11
- **കുടുംബജീവിതം: പ്രായോഗികചിന്തകൾ** (10) 14
- **ഇമ്മാനുവിന്റെ സംശയങ്ങൾ** (49) 17
- **ബൈനോക്കുലർ** (32) 19
- **ഓരോരോ ജന്മങ്ങള്!** (23) 21
- **കാർട്ടൂൺ** 22
- **സ്കൂൾ ഉച്ചഭക്ഷണപദ്ധതി...** 23


**ഈ മാസികയുടെ ലക്ഷ്യം:**

സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും അതിലൂടെയുള്ള ബോധവത്കരണവും.



# എഡിറ്റോറിയൽ

**"നിങ്ങളോട് സത്യം പറയുന്നതുകൊണ്ട്**
**ഞാൻ നിങ്ങൾക്ക് ശത്രുവായിപ്പോയോ?" (ഗലാത്യർ 4:16)**

# കാരണഭൂതനും പൂക്കിയും

കേരളത്തിന്റെ മുൻമുഖ്യമന്ത്രിയും ഇപ്പോഴത്തെ മുഖ്യമന്ത്രിയും സമൂഹമാധ്യമങ്ങളിലും മറ്റും വിശേഷിപ്പിക്കപ്പെടുന്നത് യഥാക്രമം കാരണഭൂതൻ എന്നും പൂക്കി എന്നുമാണ്. മുൻമുഖ്യമന്ത്രിയായ ശ്രീ. പിണറായി വിജയനെ പുകഴ്ത്തിക്കൊണ്ട് തയ്യാറാക്കിയ ഗാനത്തിലാണ് അദ്ദേഹത്തെ കാരണഭൂതൻ എന്നു വിശേഷിപ്പിച്ചത്. വ്യക്തിപൂജ പാടില്ല എന്ന് കണിശമായി നിഷ്കർഷിക്കുന്ന പാർട്ടിയാണത്രേ സിപിഎം. അവിടെയുള്ളവർ തന്നെ ശ്രീ. പിണറായിവിജയനെ ഇങ്ങനെ സ്തുതിച്ചുകൊണ്ട് പാടിയതെന്ത് എന്ന് അതിശയിച്ചവരിൽ പാർട്ടിസഖാക്കളുമുണ്ട്.

**കാരണഭൂതൻ**

കാരണഭൂതൻ എന്ന വാക്കിന്റെ അർത്ഥം 'എല്ലാറ്റിനും കാരണക്കാരനായവൻ' അല്ലെങ്കിൽ 'സ്രഷ്ടാവ്' എന്നാണ്. പിണറായിയോടുള്ള ആരാധന മൂത്ത് വട്ട് പിടിച്ചിട്ട് എഴുതിയ വരികൾ പോലെയാണ് അവ വിലയിരുത്തപ്പെട്ടത്.

*നവകേരളസൃഷ്ടിക്കായ് മുന്നിട്ടിറങ്ങിയ*
*കാരണഭൂതൻ ഈ സഖാവ് പിണറായി*

പൂവരണി കെ.വി.പി. നമ്പൂതിരിയാണ് ഈ വരികൾ എഴുതിയത്. പാട്ടിന്റെ വരികൾ പാർട്ടീതലത്തിൽപ്പോലും വിവാദമായപ്പോൾ വിശദീകരണമായി അദ്ദേഹം ഇപ്രകാരം പറഞ്ഞു: "പിണറായി വിജയന് പാട്ടിലൂടെ ദൈവികപരിവേഷം നൽകാൻ ശ്രമിച്ചിട്ടില്ല. ഇത്രയും വിവാദമാകുമെന്ന് കരുതിയുമില്ല."

ഗാനരചയിതാവ് ഉദ്ദേശിച്ചാലും ഇല്ലെങ്കിലും എഴുതിയ വരികളുടെ അർത്ഥമനുസരിച്ച് പിണറായിക്ക് ലഭിക്കുന്നത് ദൈവികപരിവേഷം തന്നെയാണ്. നവകേരളസൃഷ്ടി എന്നും കാരണഭൂതൻ എന്നുമുള്ള രണ്ട് വാക്കുകൾ വിരൽ ചൂണ്ടുന്നത് വ്യക്തമായും ആ ദിശയിലേക്ക് തന്നെയാണ്. ദൈവത്തിനു കൊടുക്കേണ്ട മഹത്വം പിണറായിവിജയനെന്നല്ല ആർക്കും കൊടു

ത്തുകൂടാ. അങ്ങനെ കൊടുത്താൽ തക്കസമയത്ത് ദൈവം ന്യായവിധിയുടെ വാളോങ്ങും.

ദൈവവചനമായ ബൈബിൾ യഥാർത്ഥ കാരണഭൂതനെ വെളിപ്പെടുത്തുന്നുത് കാണുക: "പിതാവായ ഏകദൈവമേ നമുക്കുള്ളൂ. അവൻ സകലത്തിനും കാരണഭൂതനും... ആകുന്നു" (1 കൊരിന്ത്യർ 8:6); "അതിനൊക്കെയും ദൈവംതന്നെ കാരണഭൂതൻ. അവൻ നമ്മെ ക്രിസ്തുമൂലം തന്നോട് നിരപ്പിച്ചു" (2 കൊരിന്ത്യർ 5:18). കാരണഭൂതൻ ഒന്നേയുള്ളൂ. അത് സർവശക്തനായ ദൈവമാണ്.

ദൈവത്തിന്റെ സ്ഥാനത്ത് നാം ആരെയും കാണരുത്. മാതാപിതാക്കളേയോ സഭാനേതാക്കന്മാരേയോ രാഷ്ട്രീയനേതാക്കളേയോ, സിനിമാതാരങ്ങളേയോ കായികതാരങ്ങളേയോ കാണരുത്. ദൈവത്തിനു കൊടുക്കേണ്ട സമയവും സ്ഥാനവും മറ്റൊന്നിനും കൊടുക്കരുത്. അങ്ങനെ കൊടുത്താൽ, നമ്മുടെ മനസ്സിലെ ആ 'ദൈവത്തെ' സാക്ഷാൽ ജീവനുള്ള ദൈവം പ്രതികൂലമായി ബാധിക്കും.

ദൈവത്തിന്റെ സ്ഥാനത്ത് തങ്ങളുടെ തൊഴിലിനെ കണ്ടാൽ ആ തൊഴിലിൽ താഴ്ചയേ ഉണ്ടാകൂ. ദൈവത്തേക്കാളധികം മക്കളെ സ്നേഹിച്ചാൽ ആ മക്കൾ ഗുണപ്പെടുകയില്ല. ദൈവത്തേക്കാളധികം കൂട്ടുകാരെ സ്നേഹിച്ചാലും ബന്ധുക്കളെ സ്നേഹിച്ചാലും അവരിൽനിന്ന് തിരിച്ചടിയുണ്ടാകും. കാരണം നാം ദൈവത്തെ മാത്രം ആരാധിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഹെരോദാവിന്റെ ശബ്ദം ഒരു ദേവന്റെ ശബ്ദം എന്ന് ചിലർ അദ്ദേഹത്തെ സ്തുതിച്ചുപറഞ്ഞപ്പോൾ, ഹെരോദാവിന് നഷ്ടപ്പെട്ടത് സ്വന്തം ജീവനാണ് (അപ്പൊ.പ്രവൃ.12:22,23).

**പൂക്കി**

ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ.വടശ്ശേരി ദാമോദരമേനോൻ സതീശൻ എന്ന വി.ഡി. സതീശനെ സോഷ്യൽമീഡിയായിൽ വിശേഷിപ്പിക്കുന്നത് 'പൂക്കി മുഖ്യമന്ത്രി' എന്നാണ്. 'പൂക്കി' (Pookie) എന്നത് ഇംഗ്ലീഷ് വാക്കാണ്. 'വളരെ സ്നേഹമുള്ള സുഹൃത്ത്' (close friend) എന്ന് അർത്ഥം. വാർത്താസമ്മേളനത്തിനിടെ, വാഹനങ്ങൾ മോഡിഫൈ ചെയ്യാൻ അനുവാദം നൽകുമോ എന്ന ചോദ്യത്തിന്, അത് ശരിയാക്കാം എന്ന് പറഞ്ഞ് ഒരു പ്രത്യേകരീതിയിൽ പുഞ്ചിരിച്ചുകൊണ്ട് അദ്ദേഹം കണ്ണിറുക്കിക്കാണിച്ചു.

ചോദ്യം ചോദിച്ച യുവാവിനോട് തോന്നിയ സ്നേഹവാത്സല്യങ്ങൾ നിമിത്തമാണ് താൻ അങ്ങനെ പെരുമാറിയത് എന്ന് മുഖ്യമന്ത്രി പിന്നീട് വിശദീകരിക്കുകയും ചെയ്തു. സ്നേഹവാത്സല്യമുള്ള മുഖ്യമന്ത്രി എന്ന

നിലയിൽ അദ്ദേഹത്തെ പൂക്കി മുഖ്യമന്ത്രി എന്ന് പുത്തൻ തലമുറ വിശേഷിപ്പിക്കാൻ തുടങ്ങിയത് അങ്ങനെയാണ്.

മുഖ്യമന്ത്രി ജനകീയനായിരിക്കുന്നത് ഉചിതം തന്നെയാണ്. അധികാരം കിട്ടുമ്പോഴേക്കും തമ്പ്രാൻഭാവം വരുന്നത് നല്ലതല്ല. പ്രത്യേകിച്ച്, കോൺഗ്രസ് പോലൊരു പാർട്ടിയിൽ ഒരാൾക്ക് കിട്ടുന്ന സ്ഥാനമാനങ്ങൾക്ക് വലിയ ആയുസ്സുണ്ടാകാൻ സാധ്യത കുറവാണ്. ഗ്രൂപ്പിസവും ബിജെപിയുടെ വിഴുങ്ങലും മൂലം തകർന്നവരിൽ മുമ്പൻ കോൺഗ്രസ്പാർട്ടിയാണ്. അങ്ങനെയൊരു പാർട്ടിയിൽ ഏതെങ്കിലും വിധത്തിലുള്ള അധികാരം കിട്ടിയാൽ പരമാവധി ജനങ്ങളുമായി സഹകരിച്ച്, ജനങ്ങളോട് സൗഹൃദം കാണിച്ച് മുന്നോട്ട് പോകുന്നതാണ് നല്ലത്.

ഇക്കാര്യത്തിൽ ശ്രീ. വി.ഡി.സതീശൻ ഒരളവുവരെ വിജയിച്ചു എന്നു പറയാം. പക്ഷേ അതുകൊണ്ടായില്ല. തന്റെ ഭരണകാലത്തുടനീളം ജനകീയമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് വിജയകരമായി നടപ്പിലാക്കാൻ അദ്ദേഹത്തിന് കഴിയണം. അല്ലെങ്കിൽ 'പൂക്കി മുഖ്യമന്ത്രി'യെ 'പോക്ക് മുഖ്യമന്ത്രി' (പ്രയോജനമില്ലാത്ത മുഖ്യമന്ത്രി) എന്ന് നാട്ടുകാർ വിളിച്ചുതുടങ്ങും.

മറ്റുള്ളവരോട് സൗഹൃദഭാവത്തിലൂടെ ഇടപെടുന്നതിന് നാമെല്ലാവരും ശ്രമിക്കണം. മാതാപിതാക്കൾ മക്കളുടെ അടുത്ത് പൂക്കിമാതാപിതാക്കൾ ആകട്ടെ. അതേ സമയം, മക്കളെ അനുസരണത്തിലും അച്ചടക്കത്തിലും വളർത്തുകയും വേണം. മക്കളിൽ തെറ്റ് കണ്ടാൽ ഉടനടി 'പൂക്കി'സ്വഭാവം മാറ്റിവച്ച് അവരെ ശിക്ഷിക്കുകയും വേണം. സഭാശുശ്രൂഷകന്മാർക്ക് പൂക്കി ശുശ്രൂഷകന്മാരാകാം. പക്ഷേ തെറ്റിൽ മുങ്ങിക്കുളിച്ച് നിൽക്കുന്നവർ ശുശ്രൂഷകന്മാരുടെ തലയിൽ കയറി നിരങ്ങാൻ ഇടവരരുത്.

കർത്താവ് കൂട്ടത്തിലെ ഇളയവനായ യോഹന്നാനെ തന്റെ നെഞ്ചോട് ചേർത്ത് ഇരുത്തുമായിരുന്നു (യോഹന്നാൻ 13:23). ഏകദേശം മുപ്പതോ മുപ്പത്തിരണ്ടോ വയസ്സുള്ള യുവാവായ യേശു 'പൂക്കികർത്താവ്' ആയ മനോഹരരംഗമാണത്. നമ്മുടെ കർത്താവ് എത്രയോ സ്നേഹവാത്സല്യങ്ങൾ നമ്മുടെ നേരെ ചൊരിഞ്ഞിരിക്കുന്നു! മുഖ്യമന്ത്രിക്കസേരയിലിരിക്കുന്ന ശ്രീ. വി. ഡി. സതീശന് ജനങ്ങളുടെ നേരെ സ്നേഹവാത്സല്യങ്ങൾ പ്രകടിപ്പിക്കാൻ കഴിയുമെങ്കിലും കർത്താവിന് സമനാകാൻ ഒരിക്കലും കഴിയില്ല.

ധാർഷ്ട്യത്തിന്റെയും അഹങ്കാരത്തിന്റെയും ശരീരഭാഷയോ വാക്കുകളോ നമുക്ക് ആവശ്യമില്ല. ദൈവത്തേക്കാളധികം മനുഷ്യനെ അംഗീകരിക്കേണ്ട ആവശ്യവും നമുക്കില്ല. ഒരേയൊരു നേതാവ്. ഒരേയൊരു കർത്താവ്. ഒരേയൊരു ദൈവം... **(എംവിഎസ്)**

# വായനക്കാരുടെ അഭിപ്രായങ്ങൾ

നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം.

## George V V, manakkody, Thrissur

രഹബിനെക്കുറിച്ചുള്ള പഠനം വളരെ ശ്രദ്ധാർഹമാണ്. പലപ്പോഴും അത് വായിച്ചിട്ട് വേണ്ടത്ര ചിന്തിക്കാതെ വിടുന്നവരുണ്ട്. പലരും ചിന്തിച്ചിട്ടില്ലാത്ത ഒരു കാര്യമാണ് അത്. മാസികയിൽ ഇത് സംബന്ധിച്ച് ഭംഗിയായി വിശദീകരിച്ചിട്ടുണ്ട്.

## കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ

| Address | Reason |
|---|---|
| Joseph V J, Vaniyamkulam, Palakkad | Left |
| Joseph P V, Pallipurathussery, Kottayam | Left |
| Aleyamma Thomas, Rajakumari, Idukki | No reason given |

**അഡ്രസ്‌ലിസ്റ്റിൽനിന്ന് ഈ അഡ്രസ്സ് നീക്കം ചെയ്തിട്ടുണ്ട്.**

## അഡ്രസ്സുകൾ അയച്ചുതരിക

ഈ മാസിക വായിക്കാൻ താത്പര്യമുള്ളവരുടെ അഡ്രസ്സ് അയച്ചുതരിക. വരിസംഖ്യ നിർബന്ധമില്ല. വരിസംഖ്യയുടെ കാര്യം ഞങ്ങൾ ആരോടും പറയാറില്ല. ചോദിക്കാറുമില്ല. ഈ ക്രിസ്തീയമാസിക വായിക്കാൻ താത്പര്യമുള്ളവർക്ക് അത് സൗജന്യമായി അയച്ചുകൊടുക്കാൻ ഞങ്ങൾ തയ്യാറാണ്. അഡ്രസ്സുകൾ 95 44 557 557 എന്ന മൊബൈൽ നമ്പറിൽ വാട്സാപ് ചെയ്യുക. SMS അയച്ചാലും മതി. (എഡിറ്റർ)

**റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ ചേരുക മാസിക അതിൽ നേരത്തേ ലഭിക്കും. 95 44 557 557 എന്ന നമ്പറിലേക്ക് ഇപ്പോൾ തന്നെ വാട്സാപ് സന്ദേശമയയ്ക്കുക. ഈ മാസികയുടെ പ്രിന്റ് ചെയ്തുള്ള പ്രസിദ്ധീകരണം നിർത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. അങ്ങനെയായാൽ വാട്സാപിലൂടെ മാസിക വായിക്കാനാകും.** (എഡിറ്റർ)

Groom wanted

**യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന്**
**വിവാഹാലോചന ക്ഷണിക്കുന്നു**

*Seeking a God-fearing and baptized young man for a Christian girl. Her details:*

Date of Birth: January 16, 2001
Height: 154 cm
Church: Church at Poomala, Tcr
Education: BTech (Food Technology)
Work at: Perumbavoor, Ernakulam

Hometown: Thrissur
Weight: 57 Kg

**Contact No:**
**98952 91207**

---

**യുവതികളുടെ മാതാപിതാക്കളിൽ നിന്ന്**
**വിവാഹാലോചന ക്ഷണിക്കുന്നു**

Bride wanted

വിശ്വസിച്ച് സ്നാനപ്പെട്ട യുവാവ്. തൃശ്ശൂർ സ്വദേശി. ബ്രദറൺ സഭയിൽ കൂടിവരുന്നു.

Date of Birth: 9-8-1994
Height: 168 cm
Weight: 55 Kg
Education: BA, Diploma in Instrumentation Engineering
Occupation: Quality Inspector, Luker company

**Contact:**
**98462 68255**

---

**യുവതികളുടെ മാതാപിതാക്കളിൽ നിന്ന്**
**വിവാഹാലോചന ക്ഷണിക്കുന്നു**

Bride wanted

കോഴിക്കോട് സ്വദേശി. പ്രാദേശികസഭയിലെ അംഗം.

Date of Birth: 29-10-1994
Height: 172 cm
Weight: 68 Kg
Education: Diploma in Mechanical Engineering

**Contact:**
**96563 43493**
(Church elder)

വിദേശത്തു പോകുവാനുള്ള ക്ലാസ്സുകളിൽ പങ്കെടുക്കുന്നു
വിദ്യാഭ്യാസം, സാമ്പത്തികം എന്നീ ഡിമാൻഡുകളില്ല



30

# ആസ്യയിലെ 7 സഭകൾ

വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽനിന്നുള്ള ചിന്തകൾ

ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

## ഫിലദെൽഫ്യയിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 3:7-13)

*സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന് ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്ത് ഞാനും നിന്നെ കാക്കും (3:10)*

**സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം**

"...the word of my patience" (എന്റെ ക്ഷമയുടെ വചനം)

ഉപദ്രവങ്ങളുടെയും പരിഹാസങ്ങളുടെയും അവഗണനകളുടെയും മുമ്പിൽ ക്ഷമയോടെ (സഹിഷ്ണുതയോടെ) നിന്നവനാണ് നമ്മുടെ കർത്താവ്. ഉപദ്രവിക്കുന്നവർക്ക് അതേ നാണയത്തിൽ തിരിച്ചടി കൊടുക്കുവാനോ പരിഹാസികളുടെ നേരെ പ്രതികരിക്കാനോ അവഗണനകളുടെ നേരെ പിറുപിറുക്കാനോ അവിടുന്ന് തയ്യാറായില്ല. അങ്ങനെ നമുക്ക് മാതൃക കാണിച്ചു തന്നിരിക്കുന്നു. ക്രൈസ്തവർക്കെതിരെ ശത്രുക്കളുടെ ഭാഗത്തുനിന്ന് ശാരീരികവും മാനസികവും ആയ പീഡനങ്ങൾ എത്ര അധികമായി ഉണ്ടായാലും പതറാതെ, തളരാതെ, കർത്താവ് കാണിച്ചുതന്ന മാതൃക പിന്തുടരണം.

ഇക്കാര്യത്തിൽ ഫിലദെൽഫ്യയിലെ സഭ വിജയിച്ചു. "സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തു" എന്ന് കർത്താവ് തന്നെ സാക്ഷ്യം പറഞ്ഞുവല്ലോ. ക്രൂരമായ പീഡനങ്ങൾ അവർ ക്ഷമയോടെ നേരിട്ടു. ക്രിസ്ത്യാനിയായതിന്റെ പേരിൽ അനുഭവിക്കേണ്ടി വന്ന കയ്പുള്ള അനുഭവങ്ങൾ അവരെ ക്ഷീണിപ്പിച്ചില്ല. പ്രതികൂലത്തിന്റെ ഒരു ഇളംകാറ്റ് അടിക്കുമ്പോഴേക്കും മറിഞ്ഞുവീഴുന്നവരല്ല അവർ; കൊടുങ്കാറ്റുപോലും അവരെ വീഴ്ത്തിയില്ല. അവരുടെ വിശ്വാസം അത്ര ശക്തമായിരുന്നു.

സഹിക്കാൻ തയ്യാറുള്ളവനേ ക്രിസ്തീയജീവിതം ഫലകരമായി നയിക്കാൻ കഴിയുകയുള്ളൂ. ഭീരുക്കൾക്ക് പറ്റിയതല്ല അത്.

**ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലം**

"...the hour of trial which shall come upon the whole world" (ലോകം മുഴുവൻ വരാനിരിക്കുന്ന പരീക്ഷണസമയം)

ഭൂതലത്തിലെങ്ങും വരുവാനുള്ള ഈ പരീക്ഷാകാലം സംബന്ധിച്ച് ദൈവജനത്തിന്റെ മദ്ധ്യേ വലിയ തർക്കങ്ങൾ നടന്നിട്ടുണ്ട്. സഭയും മഹോപദ്രവവും (മഹാപീഡനവും) എന്നൊരു വിഷയവുമായി ഈ വാക്യത്തെ കൂട്ടിക്കുഴച്ച് പലരും പഠിപ്പിക്കുന്നു. ദൈവജനത്തിന് വലിയ പീഡനം (മഹോപദ്രവം) വരുന്നുവെന്നും ആ പീഡനത്തിന് മുമ്പ് ദൈവം സഭയെ എടുത്തുകൊള്ളും എന്ന് ഒരു കൂട്ടർ വാദിക്കുമ്പോൾ, ദൈവം സഭയെ ആ മഹോപദ്രവത്തിലൂടെ കടത്തിവിടും എന്ന് മറ്റൊരു കൂട്ടർ വാദിക്കുന്നു. ഇത്രയൊക്കെ വാദിക്കാനും തർക്കിക്കാനും മാത്രം ഈ വാക്യത്തിൽ എന്താണുള്ളത് എന്ന് സാധാരണ വായനക്കാർക്ക് സംശയം തോന്നുക സ്വാഭാവികം.

ഭൂതലത്തിലെങ്ങും വരുവാനുള്ള പരീക്ഷാകാലം എന്നു പറഞ്ഞിരിക്കുന്നതിന് ഭൂഗോളത്തിൽ മുഴുവൻ വരുവാനുള്ള പരീക്ഷാകാലം എന്ന് അർത്ഥം എടുക്കണമെന്ന് നിർബന്ധമില്ല. ഇവിടെ മൂലഭാഷയായ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന അതേ പദങ്ങൾ ഉള്ള മറ്റൊരു വേദഭാഗമാണ് അപ്പൊ.പ്രവൃ.11:28. അവിടെ നാം ഇപ്രകാരം വായിക്കുന്നു: "അവരിൽ അഗബൊസ് എന്നു പേരുള്ളൊരുവൻ എഴുന്നേറ്റ് ലോകത്തിലൊക്കെയും മഹാക്ഷാമം ഉണ്ടാകും എന്ന് ആത്മാവിനാൽ പ്രവചിച്ചു. അത് ക്ലൗദ്യൊസിന്റെ കാലത്ത് സംഭവിച്ചു." ഇവിടെയുള്ള 'ലോകത്തിലൊക്കെയും' എന്നതുകൊണ്ട് ഉദ്ദേശിച്ചത് എല്ലാ വൻകരകളും ദ്വീപുകളും ഉൾപ്പെടെയുള്ള ഭൂമി മുഴുവൻ എന്നല്ല, റോമൻഭരണം നിലനിൽക്കുന്ന പ്രദേശങ്ങൾ മാത്രമാണ്. അതിന്റെ സൂചനയായി, അത് റോമൻഭരണാധികാരിയായ ക്ലൗദ്യൊസിന്റെ കാലത്ത് സംഭവിച്ചു എന്നും കൂടി പറയുന്നുണ്ടല്ലോ.

അതായത്, 'ഒരു പ്രത്യേക പ്രദേശം മുഴുവൻ' എന്ന അർത്ഥത്തിൽ 'ഭൂലോകത്തിലൊക്കെയും' എന്ന് പറയാവുന്നതാണ്.

**ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന്**

"...to try them that dwell upon the earth"

ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന് എന്നു പറയുമ്പോൾ ഭൂമിയിൽ ഏതു ഭാഗത്തും വസിക്കുന്നവർ എന്ന അർത്ഥം വരണമെന്ന് നിർബന്ധമില്ല. മത്തായി 2:6 ൽ യെഹൂദ്യദേശം എന്ന് കാണുന്നിടത്തും, മത്തായി 2:20 ൽ യിസ്രായേൽദേശം എന്നു കാണുന്നിടത്തും ഉപയോഗിച്ച അതേ പദം തന്നെയാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. ഒരു പ്രത്യേക

ദേശത്ത് ജീവിക്കുന്നവർ എന്ന് അർത്ഥമെടുക്കുന്നതിൽ തെറ്റില്ല. ചിലരെ പരീക്ഷിക്കുക എന്നതാണ് പരീക്ഷാകാലത്തിന്റെ ഉദ്ദേശ്യം. ആ പരീക്ഷാ കാലത്ത് കർത്താവ് ഫിലദെൽഫ്യയിലെ സഭയിലുള്ളവരെ കാക്കും. കാരണം അവർ കർത്താവിന്റെ വചനം സൂക്ഷിച്ചിട്ടുള്ള ഭക്തരാണ്. ദൈവ വചനത്തെ നാം മാനിച്ചാൽ, ദൈവം നമ്മെയും മാനിക്കും. ദൈവവചനത്തെ നാം സൂക്ഷിച്ചാൽ ദൈവം നമ്മെയും സൂക്ഷിക്കും.

പരീക്ഷകളിൽ പതറിപ്പോയവർ ധാരാളം പേരുണ്ട്. നിസ്സാര കാര്യങ്ങളുടെ പേരിൽ വിശ്വാസത്തിൽനിന്ന് പിന്മാറിപ്പോയവരുണ്ട്. ആരെയൊക്കെയോ പ്രീതിപ്പെടുത്താനായി പിന്മാറിപ്പോയവരുണ്ട്. വിശ്വാസജീവിതം ബുദ്ധിമുട്ടാണ് എന്നു പറഞ്ഞ് പോയവരും ഉണ്ട്. വാക്കുകൾകൊണ്ടും ശരീരംകൊണ്ടും താൻ ക്രിസ്ത്യാനിയാണെന്ന് സ്ഥാപിച്ചെടുക്കാൻ ചിലർ ശ്രമിക്കുന്നു. ഒരുവൻ ക്രിസ്ത്യാനിയാണോ അല്ലയോ എന്നു തെളിയുന്നത് പരീക്ഷാകാലത്ത് അവൻ നിലനിൽക്കുമ്പോഴാണ്. താൻ നന്നായി പഠിക്കുന്ന കുട്ടിയാണ് എന്ന് ഏതെങ്കിലും കുട്ടി പറയുന്നുവെങ്കിൽ പരീക്ഷകളിൽ ആ കുട്ടിക്ക് നല്ല മാർക്കുകൾ കിട്ടണം. പരീക്ഷയിൽ തോറ്റ് പോയാൽ അവന്റെ അവകാശവാദം തെറ്റായിരുന്നു എന്നാണ് തെളിയുന്നത്.

**ചുരുക്കത്തിൽ**

1. ഫിലദെൽഫ്യയിലെ സഭ അവർക്കുനേരെ വന്ന കഷ്ടതയെയും ഉപദ്രവങ്ങളെയും ക്ഷമയോടെ നേരിട്ടു. ഇത്തരം മനോഭാവമുള്ളവർക്കാണ് ഫലകരമായ ക്രിസ്തീയജീവിതം നയിക്കാൻ കഴിയുകയുള്ളൂ. സുഖമയമായ ജീവിതം കാംക്ഷിക്കുന്നവർക്ക് പറ്റിയതല്ല ക്രിസ്തീയജീവിതം.

2. ജീവിതത്തിൽ വരുന്ന കഷ്ടതകളും പ്രയാസങ്ങളും വാസ്തവത്തിൽ പരീക്ഷകളാണ്. നമ്മുടെ വിശ്വാസത്തിന്റെ ശക്തി വെളിപ്പെടുത്താൻ കിട്ടുന്ന അവസരങ്ങൾ. പാട്ടുകൾ പാടുമ്പോഴും പ്രാർത്ഥിക്കുമ്പോഴും അവകാശപ്പെടുന്ന ഭക്തിയും തീക്ഷണതയും ശരിയാണോ എന്ന് തെളിയുന്നത് പരീക്ഷകൾ വരുമ്പോഴാണ്.

3. തന്റെ ഭക്തരെ ദൈവം കാക്കും. പരീക്ഷകളിൽ അവർ തോറ്റുപോകാതിരിക്കാനായി ദൈവകൃപ അവരിൽ വ്യാപരിക്കും. സ്വന്തം കഴിവിനാൽ പിശാചിനെ ജയിക്കാൻ ഒരുവന് കഴിയില്ല. ദൈവം അവനെ സഹായിക്കുമ്പോൾ, പിശാചിനെ ജയിക്കാനും അവൻ പ്രാപ്തനാകുന്നു.

**(തുടരും)**

**നമ്മുടെ വെബ്സൈറ്റ് സന്ദർശിക്കുക**

**www.reallifevoice.in**

-എംവിഎസ്-

# യോനാ (പുസ്തക പഠനം) 24

**രണ്ടാം അദ്ധ്യായം**

**യോനാ 2:1**

**യോനാ മത്സ്യത്തിന്റെ വയറ്റിൽവച്ച് തന്റെ ദൈവമായ യഹോവയോട് പ്രാർത്ഥിച്ചു പറഞ്ഞതെന്തെന്നാൽ...**

യോനാ മത്സ്യത്തിന്റെ വയറ്റിൽ

യോനായെ സമുദ്രത്തിൽ ഇട്ടുകളഞ്ഞപ്പോൾ, സമുദ്രം അടങ്ങി. അപ്പോൾ കപ്പലിലുള്ളവരും വായനക്കാരും സ്വാഭാവികമായും മനസ്സിലാക്കുക യോനായുടെ കഥ അവിടെ അവസാനിച്ചു എന്നാണ്. പക്ഷേ അതല്ല സംഭവിച്ചത്. യോനായുടെ കഥ തുടരുകയാണ്. യോനായുടെ ജീവിതത്തിന് തിരശ്ശീല വീണില്ല. യോനാ ഇനിയും തുടരും. അതാണ് ദൈവജനത്തിന്റെ പ്രത്യേകത. അവർ തിരിച്ചുവരും. ജീവിതം അവസാനിച്ചു എന്ന തോന്നുന്നിടത്തുനിന്ന് പോലും അവരെ തിരിച്ചുവരുത്താൻ ദൈവത്തിന് കഴിയും. ഇനി പ്രതീക്ഷയില്ല എന്നു തോന്നുന്ന സാഹചര്യത്തിൽനിന്നുപോലും ദൈവം അവരെ തിരിച്ചുവരുത്തും.

യേശുവിനെ കുരിശിൽ തറച്ച് കൊന്ന്, കല്ലറയിൽ അടക്കിയപ്പോൾ ആ ജീവിതത്തിന് ഫുൾസ്റ്റോപ്പ് വീണു എന്നു പലരും ചിന്തിച്ചു. മനുഷ്യൻ ഇട്ട ആ ഫുൾസ്റ്റോപ്പ് മായിച്ചുകൊണ്ട് കർത്താവ് തിരിച്ചുവന്നു. മനുഷ്യൻ ഇട്ട ഫുൾസ്റ്റോപ്പിനെ (.) മായിച്ച് കോമാ (,) ആക്കി മാറ്റി ദൈവം കഥ തുടരുവാനിടയാക്കി. യെഹൂദന്മാരുടെയും റോമൻ പടയാളികളുടയും കണക്കുകൂട്ടലുകളെല്ലാം തെറ്റി. ദൈവം ഒരുവനിലൂടെ ചെയ്യാനുദ്ദേശിക്കുന്ന ശുശ്രൂഷകൾ ദൈവം നിറവേറ്റുക തന്നെ ചെയ്യും.

ദാവീദ് അബ്ശാലോമിനെ പേടിച്ച് ഓടിപ്പോകുമ്പോൾ ശൗലിന്റെ കുലത്തിൽ ഗേരയുടെ മകൻ ശിമെയി ചെയ്തത് ഓർക്കുക. അവൻ ദാവീദിനെയും കൂടെയുള്ളവരെയും കല്ലുവാരി എറിഞ്ഞു. ശപിച്ചുകൊണ്ട് സംസാരിച്ചു. (2 ശമുവേൽ 16:5-8). ദാവീദിനൊരു തിരിച്ചുവരവ് ഉണ്ടാകുമെന്ന് ശിമെയി പ്രതീക്ഷിച്ചില്ല. എന്നാൽ ദൈവം ദാവീദിനെ തിരിച്ചുവരുത്തി. സിംഹാസനവും കിരീടവും ചെങ്കോലുമെല്ലാം ദാവീദിന് തിരിച്ചുകിട്ടി.

ദാനിയേലിനെ സിംഹത്തിന്റെ കുഴിയിൽ ഇട്ടപ്പോഴും, മൊർദ്ദെഖായിയെ തൂക്കിക്കൊല്ലാൻ ഹാമാൻ കഴുമരം തീർത്തപ്പോഴും എല്ലാവരുടെയും കണക്കുകൂട്ടലുകളും സ്വപ്നങ്ങളും തെറ്റിച്ചുകൊണ്ട് ദൈവം അത്ഭുതകരമായി ഇടപെടുകയും തന്റെ മക്കളെ വിടുവിക്കുകയും ചെയ്തു.

അശ്ശൂർരാജാവായ ശൽമനേസെർ അടിമകളാക്കി കൊണ്ടുപോയിട്ടും ബാബേൽരാജാവായ നെബൂഖദ്നെസെർ അടിമകളാക്കി കൊണ്ടുപോയിട്ടും യിസ്രായേൽമക്കളുടെ 12 ഗോത്രങ്ങളെ ഇല്ലാതാക്കാൻ കഴിഞ്ഞില്ല. ദൈവജനത്തിന്റെ കഥ കഴിഞ്ഞു എന്നു പലരും വിധിയെഴുതിയെങ്കിലും അവർ തിരിച്ചുവന്നു.

നാണം കെട്ട ഒരു അവസാനമല്ല ദൈവജനത്തിനുള്ളത്. അവരുടെ അവസാനം ശുഭമായിരിക്കും. അടിച്ചൊതുക്കി ഒരു മൂലക്കിട്ടാലും അവർ തിരിച്ചുവരും. ജീവിതത്തിൽ തോൽക്കുമ്പോൾ ഓരോ ദൈവപൈതലും ഓർക്കുക: ഞാൻ ഒരു ദൈവപൈതലാണ്. മത്സരം തീരുമ്പോൾ ഞാൻ തോറ്റവനായിരിക്കില്ല. മത്സരത്തിന്റെ ഇടയ്ക്കുള്ള തോൽവികൾ കാര്യമാക്കേണ്ടതില്ല.

യോനാ ഇതാ മത്സ്യത്തിന്റെ വയറ്റിൽ! ജീവനോടെ! യോനായെ കടലിൽ ഇട്ടതിനുശേഷം കപ്പലും കപ്പലിലുള്ളവരും പോയി. യോനാ ആ കടലിൽ ഒടുങ്ങിപ്പോയി എന്നു ചിന്തിച്ച് നെടുവീർപ്പിട്ടായിരിക്കും അവർ പോയത്. പക്ഷേ യോനാ അവസാനിച്ചില്ല. ദൈവം അനുവദിക്കുന്നത് വരെ നാം ഈ ഭൂമിയിൽ തുടരും.

യോനാ പ്രാർത്ഥിക്കുന്നു

മത്സ്യത്തിന്റെ വയറ്റിൽ വച്ചാണ് യോനാ പ്രാർത്ഥിക്കുന്നത്. വൃത്തിയോ വെടിപ്പോ ഉള്ള സ്ഥലമൊന്നുമല്ലാ അത്. ഏത് സാഹചര്യത്തിലും നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. എവിടെയിരുന്നും നമ്മുടെ ദൈവത്തോട് പ്രാർത്ഥിക്കാം. ചിലരുടെ ദൈവങ്ങൾ പ്രാർത്ഥന കേൾക്കണമെങ്കിൽ മീനിന്റെ മണം പോലും അവിടെ പാടില്ല. ഇവിടെയിതാ യോനാപ്രവാചകൻ വലിയ മീനിന്റെ വൃത്തിഹീനമായ വയറ്റിലിരുന്ന് പ്രാർത്ഥിക്കുന്നു! ഏത് സ്ഥലത്ത് നിന്നും നമ്മുടെ ദൈവത്തോട് സംസാരിക്കാൻ റെയ്ഞ്ച് കിട്ടും. എപ്പോൾ വേണമെങ്കിലും റെയ്ഞ്ച് കിട്ടും.

ചിലരുടെ ദൈവങ്ങളുമായി ആശയവിനിമയത്തിന്റെ കണക്ഷൻ ശരിയാവണമെങ്കിൽ, മെഴുകുതിരിയോ ചന്ദനത്തിരിയോ കത്തിക്കണം. പൂമാലയിടണം. കാണിക്കയിടണം. ചിലർ രാവിലെ കട തുറന്നാൽ, ദൈവവുമായുള്ള കണക്ഷൻലൈൻ ശരിയാക്കുന്ന തിരക്കാണ്. തിരി കത്തിക്കുന്നു, പൂവ് വയ്ക്കുന്നു, കോലം വരയ്ക്കുന്നു...

24 മണിക്കൂറും ലൈനിൽ ഉള്ള ദൈവമാണ് നമുക്കുള്ളത്. നാം തയ്യാറായാൽ മതി. നാം സംസാരിക്കാൻ തയ്യാറാണെങ്കിൽ ദൈവം കേൾക്കാനും തയ്യാറാണ്. പ്രാർത്ഥിക്കാൻ നേരവും കാലവും സാഹചര്യവും ഒന്നും നോക്കേണ്ട ആവശ്യമില്ലാത്തതുകൊണ്ട് മത്സ്യത്തിന്റെ വയറ്റിലിരുന്ന് യോനായ്ക്ക് പ്രാർത്ഥിക്കാൻ കഴിഞ്ഞു.

### ദൈവമായ യഹോവയോടാണ് പ്രാർത്ഥിച്ചത്

ഈ ദുർഗതി തനിക്ക് വരുത്തിയത് ആരാണോ, ആ ദൈവത്തോട് തന്നെയാണ് പ്രാർത്ഥിക്കുന്നത്. തന്റെ ദൈവമായ യഹോവ സർവശക്തനാണെന്ന് അറിയാവുന്ന യോനാ, നിർണ്ണായക ഘട്ടത്തിൽ പിണങ്ങാനും വാശിപിടിക്കാനും പോയില്ല. ആ ദൈവത്തോടുതന്നെ പ്രാർത്ഥിച്ചു. വേറെ ഒരു മാർഗ്ഗത്തിനും യോനായെ വിടുവിക്കാൻ കഴിയില്ല എന്ന് അറിയാവുന്നതുകൊണ്ട്, ഗതി കെട്ട നേരത്ത് അതിൽനിന്ന് സ്വതന്ത്രനാക്കാൻ കഴിവുള്ള ഏക ദൈവത്തോട് യോനാ പ്രാർത്ഥിച്ചു.

**ഒപ്പമുള്ളവർ കപ്പലിൽനിന്ന് പുറത്തേക്ക് വലിച്ചെറിഞ്ഞാലും, കടൽത്തിരകൾ നമ്മുടെ ജീവനെയെടുത്ത് അമ്മാനമാടിയാലും, വൻമത്സ്യം നമ്മെ വിഴുങ്ങിയാലും നാം ഭയപ്പെടേണ്ടതില്ല. എല്ലാം നന്മയ്ക്കായി തീർക്കുന്ന ദൈവമാണ് നമ്മുടെ ഭാഗത്തുള്ളത്.**

ഇതിനുവേണ്ടിയാണ് ദൈവം കാത്തിരുന്നത്. ഇതിനുവേണ്ടിയാണ് ദൈവം കടൽക്ഷോഭം വരുത്തിയതും കപ്പൽ ആടിയുലയുമാറാക്കിയതും. അവൻ എന്നെ വിളിക്കണം. അവൻ എന്നിൽ ആശ്രയിക്കണം. എനിക്ക് അവനെ എടുത്തുപയോഗിക്കണം – ഇതായിരുന്നു യോനായെക്കുറിച്ചുള്ള ദൈവത്തിന്റെ ആഗ്രഹം. ഈ ആഗ്രഹം ദൈവത്തിന് നമ്മെക്കുറിച്ചും ഉണ്ട്. നാം ദൈവത്തെ വിളിച്ചപേക്ഷിക്കാതെ വരുമ്പോൾ നമ്മുടെ ജീവിതസാഹചര്യങ്ങളെ വ്യത്യാസപ്പെടുത്തി, നമ്മെ ആടിയുലച്ച്, നമ്മുടെ കണ്ണിൽനിന്ന് കണ്ണീർ വരുത്തി...

സ്വസ്ഥമായി പോകുന്ന ജീവിതം എപ്പോഴെങ്കിലും ദുരിതമയമാകുമ്പോൾ, ദൈവവുമായുള്ള നമ്മുടെ ബന്ധം എങ്ങനെയെന്ന് പരിശോധിക്കുക. തിരുത്തേണ്ടവയുണ്ടെങ്കിൽ തിരുത്തുക. നമ്മെ കഷ്ടപ്പെടുത്തി, നശിപ്പിച്ചുകളയുക എന്ന ലക്ഷ്യം സ്നേഹവാനായ ദൈവത്തിനില്ല. നമ്മെ നന്നാക്കുക, അനുഗ്രഹിക്കുക, എടുത്തുപയോഗിക്കുക... ഇതൊക്കെയാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഒപ്പമുള്ളവർ കപ്പലിൽനിന്ന് പുറത്തേക്ക് വലിച്ചെറിഞ്ഞാലും, കടൽത്തിരകൾ നമ്മുടെ ജീവനെയെടുത്ത് അമ്മാനമാടിയാലും, വൻമത്സ്യം നമ്മെ വിഴുങ്ങിയാലും നാം ഭയപ്പെടേണ്ടതില്ല. എല്ലാം നന്മയ്ക്കായി തീർക്കുന്ന ദൈവമാണ് നമ്മുടെ ഭാഗത്തുള്ളത്.

**(തുടരും)**

# കുടുംബജീവിതം: ചില പ്രായോഗിക ചിന്തകൾ 10

**-എംവിഎസ്-**

**സങ്കീർത്തനങ്ങൾ 19:12,13** നെ കുടുംബജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ചില ചിന്തകളാണ് കഴിഞ്ഞലക്കത്തിൽ കൊടുത്തിരുന്നത്. അതേ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ മറ്റു ചില കാര്യങ്ങൾ കൂടി നമുക്ക് നോക്കാം:

**മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കേണമേ:** നമ്മുടെ ഭാഗത്തുനിന്നു സംഭവിച്ച ചില തെറ്റുകൾ നിർഭാഗ്യവശാൽ നമ്മുടെ ശ്രദ്ധയിൽ പെടാതെ പോകും. ഇവയാണ് മറഞ്ഞിരിക്കുന്ന തെറ്റുകൾ. കുടുംബജീവിതത്തിൽ പരസ്പരമുള്ള ഇടപെടലുകളിൽ ചിലപ്പോൾ നമ്മുടെ ഭാഗത്ത് തെറ്റുകൾ വന്നുപോയിട്ടുണ്ടാകും. പക്ഷേ നാം അത് അറിയുന്നില്ല. നമ്മുടെ ഭാഗത്തുനിന്ന് വന്ന വീഴ്ചകൾ നാം മനസ്സിലാക്കിയിട്ടില്ല എന്ന കാരണത്താൽ വീഴ്ചയുടെ ഗൗരവം കുറയുന്നില്ല. ഈയിടെ കേരളത്തിൽ സംഭവിച്ച കാര്യമാണ്. ഒരു ലോറിയുടെ കയർ അഴിഞ്ഞ് കിടപ്പുണ്ടായിരുന്നു. ലോറിക്കാർ അറിഞ്ഞില്ല. ഒരു വഴിയാത്രക്കാരന്റെ മേൽ അത് ചുറ്റി, ഇലക്ട്രിക്പോസ്റ്റിൽ അടിച്ചു, അയാൾ തത്ക്ഷണം മരിച്ചു.

**ഭാര്യയെ സ്വന്തശരീരത്തെപ്പോലെ സ്നേഹിക്കണം എന്ന കാര്യത്തിൽ നമ്മുടെ ഭാഗത്ത് വീഴ്ച പറ്റിയിട്ടുണ്ടോ? അത് നാം ശ്രദ്ധിക്കാതെ പോയതാണോ? എങ്കിൽ മറഞ്ഞിരിക്കുന്ന ആ തെറ്റ് തിരുത്താൻ ഇന്ന് സമയമായിരിക്കുന്നു.**

ലോറിയുടെ കയർ അഴിഞ്ഞത് ലോറിക്കാർ അറിഞ്ഞില്ല. അതുകൊണ്ട് കേസെടുക്കാതെ വിട്ടില്ല! ഭാര്യയെ സ്വന്തശരീരത്തെപ്പോലെ സ്നേഹിക്കണം എന്ന നിർദ്ദേശത്തിൽ നമ്മുടെ ഭാഗത്ത് വീഴ്ച പറ്റിയിട്ടുണ്ടോ? അത് നാം ശ്രദ്ധിക്കാതെ പോയതാണോ? എങ്കിൽ മറഞ്ഞിരിക്കുന്ന ആ തെറ്റ് തിരുത്താൻ ഇന്ന് സമയമായിരിക്കുന്നു. മറഞ്ഞിരിക്കുന്ന തെറ്റുകൾക്ക്, അതായത് നമ്മുടെ ശ്രദ്ധയിൽ പെട്ടിട്ടില്ലാത്ത തെറ്റുകൾക്ക് ഒരിക്കലും ഒരു ഒഴികഴിവ് (excuse) ലഭിക്കയില്ല. വേദപുസ്തകം ശരിയായി പരിശോധിക്കണം. ഭർത്താവും ഭാര്യയും ചെയ്യേണ്ട കാര്യങ്ങൾ താഴെപ്പറയുന്നവയാണ്.

**ഭാര്യ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

**(1) ഭർത്താവിന് കീഴടങ്ങിയിരിക്കണം (എഫെ. 5:22)**

*(i) കർത്താവിനു എന്ന പോലെ കീഴടങ്ങണം (എഫെ. 5:22)*
*(ii) സകലത്തിലും കീഴടങ്ങണം (എഫെ. 5:24)*
*(iii)കർത്താവിൽ ഉചിതമാകുംവണ്ണം കീഴടങ്ങണം (കൊലൊ.3:18)*
*(iv)തങ്ങളെത്തന്നെ അലങ്കരിച്ചു കീഴടങ്ങണം (1 പത്രൊസ് 3:5)*
*(v) യജമാനൻ എന്നു വിളിച്ചു കീഴടങ്ങണം (1 പത്രൊസ് 3:6)*

**(2) ഭർത്താവിനെ ഭയപ്പെടണം (എഫെ. 5:32)**

*(i) ഇന്നു കാണുന്ന സ്ത്രീസ്വാതന്ത്ര്യവാദം (feminism) മൂലം ഭർത്താവിനെ വില കുറച്ചു കാണുന്ന പ്രവണത നന്നല്ല.*
*(ii) മക്കളോടുകൂടെ ചേർന്ന് ഭർത്താവിനെ ഒതുക്കുന്നത് ശരിയല്ല.*
*(iii) ഭർത്താവറിയാതെയുള്ള രഹസ്യപണമിടപാടുകൾ ശരിയല്ല.*

**(3) ഭർത്താവിനെ സ്നേഹിക്കണം (തീത്തൊസ് 2:4)**

*(i) മറ്റു പുരുഷന്മാരോട് താരതമ്യപ്പെടുത്തി ഭർത്താവിനെ വില കുറച്ചുകാണരുത്*
*(ii) സ്വന്തം അപ്പനേക്കാളും ആങ്ങളമാരേക്കാളുമധികം ഭർത്താവിനെസ്നേഹിക്കണം*

മേല്പറഞ്ഞ കാര്യങ്ങളിൽ തങ്ങളുടെ ഭാഗത്തുനിന്ന് വല്ല വീഴ്ചകളും വന്നിട്ടുണ്ടോ എന്ന് എല്ലാ ഭാര്യമാരും പരിശോധിക്കട്ടെ. ഉണ്ടെങ്കിൽ തിരുത്തട്ടെ. ഭാര്യ ഭർത്താവിന് തക്കതുണയായിരിക്കണം. ഭാര്യയ്ക്കു പകരം ആരുമില്ല. ഭാര്യ എന്ന ഉന്നതമായ സ്ഥാനത്തേക്ക് എത്താൻ അമ്മയ്ക്കാവില്ല. വേറൊരു സ്ത്രീക്കുമാകില്ല. അഥവാ ഏതെങ്കിലും സ്ത്രീ മറ്റൊരാളുടെ ഭാര്യ എന്ന അവസ്ഥയിലേക്ക് എത്താൻ ശ്രമിച്ചാൽ അവളെ വേശ്യ എന്നാണ് നാം വിളിക്കുക. ഒരു കൂട്ടുകാരൻ പോയാൽ വേറെ കൂട്ടുകാരനെ കിട്ടും. ഭാര്യ പിണങ്ങിപ്പോയാൽ വേറെ ഭാര്യയെ ലഭിക്കില്ല. ഭാര്യമാരുടെ സ്ഥാനവും പദവിയും അവർ തന്നെ മറന്നുപോകരുത്.

**ഭർത്താവ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

**(1) ഭാര്യയെ സ്നേഹിക്കണം (എഫെ. 5:25)**

*(i) ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ സ്നേഹിക്കണം (5:25)*
*(ii) സ്വന്തം ശരീരത്തെപ്പോലെ സ്നേഹിക്കണം (5:28)*
*(iii)പോറ്റിപ്പുലർത്തി സ്നേഹിക്കണം (5:29)*
*(iv)അപ്പനെയും അമ്മയെയു വിട്ടു സ്നേഹിക്കണം (5:31)*
*(v) തന്നെപ്പോലെത്തന്നെ സ്നേഹിക്കണം (5:32)*

**(2) ഭാര്യയോട് കൈപ്പായിരിക്കരുത് (കൊലൊ. 3:19)**

*(i) ഭാര്യയുടെ സാമീപ്യം വെറുപ്പായി തോന്നരുത്*

*(ii) അന്യസ്ത്രീകളോടു കൂടുതൽ അടുപ്പം അരുത്*

*(iii)മരണം വരെ ഒരുമിച്ച് ജീവിക്കണം എന്നത് മറക്കരുത്*

**(3) ഭാര്യയ്ക്ക് ബഹുമാനം കൊടുക്കണം (1 പത്രൊ. 3:7)**

*(i) നിങ്ങളുടെ പ്രാർത്ഥനയ്ക്കു മുടക്കം വരാതിരിക്കേണ്ടതിന്*

*(ii) സ്ത്രീജനം ബലഹീനപാത്രമായതുകൊണ്ട്*

*(iii)ഭാര്യ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ ആയതുകൊണ്ട്*

ദൈവം കൃപ ചൊരിഞ്ഞിട്ടുള്ളത് ഭർത്താവിന്റെ നേരെ മാത്രമല്ല. നിത്യ ജീവങ്കലേക്ക് വിളിച്ചിട്ടുള്ളത് ഭർത്താവിനെ മാത്രമല്ല. ഭാര്യയും കൃപയ്ക്ക് കൂട്ടവകാശികളാണ്. ഭർത്താവ് ഈ യാഥാർത്ഥ്യം ഒരിക്കലും മറക്കരുത്. ഈ വക കാര്യങ്ങളിൽ എന്തെങ്കിലും തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ ഇപ്പോൾ അത് പരിശോധിക്കാവുന്നതാണ്. മറഞ്ഞിരിക്കുന്ന തെറ്റുകളായാലും ദൈവ കോപം അനുഭവിക്കേണ്ടിവരും.

ഭാര്യയും ഭർത്താവും പരസ്പരം സ്നേഹിച്ചും ആദരിച്ചും അംഗീകരിച്ചും കുടുംബജീവിതം "നയിക്കേണ്ടവരാണ്. "സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണി ക്കയും ചെയ്യുന്നു" (1 കൊരിന്ത്യർ 13:4). "(സ്നേഹം) ദോഷം കണക്കിടുന്നില്ല" (13:5) "Love keeps no record of wrongs" എന്നാണ് ഇംഗ്ലീഷ് തർജ്ജമ. "തെറ്റുകളുടെ രേഖകൾ സ്നേഹം സൂക്ഷിക്കുന്നില്ല" വഴക്ക് ഉണ്ടാകുമ്പോഴാണ് തെറ്റുകളുടെ എത്ര യെത്ര റെക്കോർഡുകൾ നാം സൂക്ഷിച്ചിട്ടുണ്ടെന്നു തെളിയുന്നത്.

**സ്വമേധാപാപങ്ങളെ അകറ്റി അടിയനെ കാക്കേണമേ:** "ബോധപൂർവ്വം ചെയ്യുന്ന തെറ്റുകളിൽ നിന്ന് ഈ ദാസനെ കാത്തുകൊള്ളണമേ" എന്നാണ് പി.ഓ. സി. തർജ്ജമ. "അവ എന്റെ മേൽ വാഴരുതേ. എന്നാൽ ഞാൻ നിഷ്കളങ്കനും മഹാ പാതകരഹിതനും ആയിരിക്കും" എന്നു കൂടി സങ്കീർത്തനക്കാരൻ പറയുന്നുണ്ട്. അറി ഞ്ഞുകൊണ്ട് ചെയ്യുന്ന തെറ്റുകളിൽനിന്ന് എന്നെ അകറ്റേണമേ എന്നാണ് അദ്ദേഹം പ്രാർത്ഥിക്കുന്നത്. നാം നിഷ്കളങ്കരായി ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അറിഞ്ഞുകൊണ്ടുള്ള തെറ്റുകൾ നമ്മുടെ മേൽ ഭരണം നടത്തിയാൽ നമുക്കൊരി ക്കലും നിഷ്കളങ്കരാകാൻ കഴിയില്ല.

കുടുംബജീവിതങ്ങൾ പലതും തകരുന്നത് ഇത്തരം പാപങ്ങൾ നിമിത്തമാ ണ്. ഭാര്യയെ സ്നേഹിക്കണമെന്ന് അറിയാം. പക്ഷേ ചെയ്യുകയില്ല. ഭർത്താവിനെ ബഹുമാനിക്കണം എന്നറിയാം. പക്ഷേ ചെയ്യില്ല. പരസ്പരം വിട്ടുവീഴ്ചകൾ ചെയ്തെ ങ്കിലേ കുടുംബജീവിതം മുന്നോട്ടു പോകൂ എന്നറിയാം. പക്ഷേ വിട്ടുവീഴ്ചകൾക്ക് തയ്യാറല്ല. പിന്നെ എങ്ങനെ കുടുംബജീവിതം തകരാതിരിക്കും?

**(തുടരും)**

# ഇമ്മാനുവിന്റെ സംശയങ്ങൾ 49

**എംവിഎസ്**

## പശു പാൽ തരുന്നു

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

എന്റെ ഒരേയൊരു ആൺതരി... നാലാംക്ലാസ്സിൽ പഠിക്കുന്ന ഇമ്മാനു..

ചില നേരങ്ങളിൽ അവന്റെ നിൽപ്പും പാടും കണ്ടാൽ അവൻ എന്റെ മോനായിട്ട് ജനിച്ചതല്ലെന്നും ഞാൻ അവന്റെ അപ്പനായിട്ടാണ് ജനിച്ചതെന്നും തോന്നിപ്പോകും.

മഹാകുറുമ്പൻ, കുസൃതി... എല്ലാം സഹിക്കാം. പക്ഷേ അവന്റെ സംശയങ്ങൾ... ഒരു രക്ഷയുമില്ല. കേൾക്കുന്നവർക്ക് അവനെ തല്ലിക്കൊല്ലാൻ വരെ തോന്നും. അതുപോലുള്ള സംശയങ്ങളാണ്.

ഇറ്റ്യാനംചേടത്തി ഒരു പശുവിനെ വാങ്ങി. അതിനെ കണ്ടതും നമ്മുടെ ഇമ്മാനു പറഞ്ഞത് എന്താണെന്നോ? അത് പശുവല്ലെന്ന്! വേറെ ഏതോ മൃഗമാണത്രേ!

ഇതു കേട്ടതോടെ ഇറ്റ്യാനംചേടത്തി ചൂടായി. "ഢാ ഇമ്മാനു, തമാശ കളിക്കല്ലേ... ഇത് പശുവാണ്."

"ഇത് പശുവല്ല..." ഇമ്മാനു ശബ്ദമുയർത്തി പറഞ്ഞു.

"മിണ്ടാതിരിക്കെടാ..."ഞാൻ അലറി. പക്ഷേ അവൻ മിണ്ടാതിരുന്നില്ല.

''പപ്പാ അലറൊന്നും വേണ്ട. ഞാൻ സത്യം വിളിച്ചുപറയും. ഇത് പശുവല്ല. എനിക്കുറപ്പുണ്ട്."

അപ്പോഴേക്കും അന്ത്രോസ്ബ്രദർ അവിടേക്കെത്തി. ഇറ്റ്യാനംചേടത്തിയും അന്ത്രോസ്ബ്രദറും നേരിൽ കണ്ടാൽ പിന്നെ ഗംഭീരവഴക്കായിരിക്കും. രണ്ടെണ്ണവും കീരിയും പാമ്പും പോലെയാണ്.

പശുവും ഇറ്റ്യാനംചേടത്തിയും അടുത്തടുത്ത് നിൽക്കുന്നത് കണ്ട് അന്ത്രോസ്ബ്രദർ ചോദിച്ചു: "ഇതിലേതാ പശു?"

ഇറ്റ്യാനംചേടത്തി അരിശംപൂണ്ട് വിറച്ച് മറുപടി പറയാൻ തുടങ്ങുമ്പോഴേക്കും ഇമ്മാനു പറഞ്ഞു: ''അന്ത്രോസങ്കിൾ ഇവിടെ പശുവില്ല. ഇറ്റ്യാനംആന്റിയും വേറെ ഏതോ ഒരു മൃഗവും ആണുള്ളത്."

ഇത് കേട്ട അന്ത്രോസ്ബ്രദർ ചിരിച്ച് ചിരിച്ച് വശംകെട്ടു.

"ഇത്രമാത്രം ഇളിക്കാൻ ഇവിടെ എന്തു തമാശയാണാവോ ഉണ്ടായത്?" ഇറ്റ്യാനംചേടത്തി അതൃപ്തിയോടെ ചോദിച്ചു.

വീണ്ടും ഇമ്മാനു: ''ഞാൻ ഉറക്കെ പറയുന്നു, ഇത് പശുവല്ല."

അന്ത്രോസ്ബ്രദർ അല്പം സംശയത്തോടെ ഇമ്മാനുവിനെ നോക്കി. എന്നിട്ട് ഇമ്മാനുവിനോട് പതുക്കെ ചോദിച്ചു: "ഇമ്മാനുട്ടാ, ഇന്നലെ രാത്രി ഉറങ്ങിയില്ലേ?"

ഇമ്മാനു പൊട്ടിത്തെറിച്ചു:"ഞാൻ കൃത്യമായി ഉറങ്ങുന്നുണ്ട്. എനിക്ക് വട്ടൊന്നുമില്ല. ഇത് പശുവല്ലെന്ന് ഞാൻ ഉറപ്പിച്ചു പറയും."

മൂപ്പന്റെ സ്കൂട്ടറിന്റെ ശബ്ദം കേട്ട് എല്ലാവരും അങ്ങോട്ട് നോക്കി. മൂപ്പൻ വന്നപാടെ ഇറ്റ്യാനംചേടത്തി പറഞ്ഞു: "മൂപ്പാ, നമ്മുടെ ഇമ്മാനുവിന്റെ കിളി പോയി. ഒരു ലോറി മുഴുവൻ ചെമ്പരത്തിപ്പൂക്കൾ ഇറക്കേണ്ടി വരും."

മൂപ്പൻ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. ഇമ്മാനുവിനെ അരികിൽ വിളിച്ച് ശാന്തമായി ചോദിച്ചു. ഇമ്മാനു മറുപടി പറഞ്ഞു: "മൂപ്പനങ്കിൾ, പശു പാൽ തരുന്നു എന്നാണ് ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളത്. ഈ മൃഗത്തിന് കറവയില്ല. അതുകൊണ്ട് ഇത് പശുവല്ല."

മൂപ്പൻ വാ പൊളിച്ച് നിൽക്കുമ്പോൾ, ഞാൻ കിട്ടിയ കമ്പെടുത്ത് അവന്റെ നടുംപുറം നോക്കി ഒന്നു മിന്നിച്ചു.

അവൻ അലറിക്കരഞ്ഞുകൊണ്ട് ഓടി. മൂപ്പൻ എന്നെ വഴക്കുപറഞ്ഞു.

മൂപ്പൻ ഇമ്മാനുവിനെ വീണ്ടും അടുത്തേക്ക് വിളിച്ചു. എന്നിട്ട് അവനോട് ശാന്തമായി പറഞ്ഞു: "പശു പാൽ തരുന്നു എന്നത് പൊതുവായ ഒരു പ്രസ്താവനയാണ്. പാല് തരുന്നത് നോക്കിയല്ല പശുവാണോ അല്ലയോ എന്ന് തീരുമാനിക്കുന്നത്."

"മാങ്ങയുണ്ടോ എന്നു നോക്കിയല്ല ഒരു വൃക്ഷത്തെ നാം മാവ് എന്നു വിളിക്കുന്നത്. ചക്കയുണ്ടോ എന്നു നോക്കിയല്ല ഒരു വൃക്ഷത്തെ നാം പ്ലാവ് എന്നു വിളിക്കുന്നത്. മാവും പ്ലാവും നമുക്ക് വേർതിരിച്ചറിയാമല്ലോ. അതുപോലെ പശുവിനെയും നമുക്ക് തിരിച്ചറിയാം. അതിന് പാൽ ഉണ്ടോ ഇല്ലയോ എന്ന് നോക്കേണ്ടതില്ല."

ഇമ്മാനു തലയാട്ടി.

തുടർന്ന് മൂപ്പൻ മറ്റുള്ളവരോടായി പറഞ്ഞു: "ബൈബിൾക്ലാസെടുക്കുമ്പോൾ ചിലർ ഇതുപോലെ വ്യാഖ്യാനിക്കാറുണ്ട്. വകതിരിവില്ലാത്ത, വിവേകമില്ലാത്ത വ്യാഖ്യാനങ്ങൾ..."

"സർവസൃഷ്ടിയോടും സുവിശേഷം പറയാൻ പറഞ്ഞിട്ടുണ്ടെന്നും പറഞ്ഞ് കാക്കയോടും കോഴിയോടും കുരുമുളകിനോടും വരെ സുവിശേഷം പറയണമെന്ന് വാദിക്കുന്നവരുണ്ട്."

"അർദ്ധരാത്രി എന്ന പദം കണ്ടിട്ട് കർത്താവ് പാതിരാത്രി പന്ത്രണ്ടുമണിക്കാണ് വരാൻ പോകുന്നത് എന്നു പറഞ്ഞവരുണ്ട്."

"വസ്തുതകൾ മനസ്സിലാക്കാതെ ഏതെങ്കിലുമൊരു പോയിന്റിൽ കടിച്ചുതൂങ്ങി നിന്ന്, വെറുതെയങ്ങ് വാദിച്ച് ഒരു സീനുണ്ടാക്കുക. ഇതാണ് പലരും ചെയ്യുന്നത് – ഇപ്പോൾ ഇമ്മാനു ചെയ്തതുപോലെ!"


ഇമ്മാനു തല കുനിച്ചു നിന്നു. ❍

എംവിഎസ്

32

# ബൈനോക്കുലർ

## ആരാധന മൂത്ത്...



ഒരേയൊരു രാജാവ്



ഒരേയൊരു മശിഹാ



ഒരേയൊരു സുൽത്താൻ

ലോകകപ്പ് ഫുട്ബോൾ മത്സരത്തിന്റെ ലഹരിയിലായിരുന്നു ലോകമെമ്പാടുമുള്ള ഫുട്ബോൾ പ്രേമികൾ. 2026 ജൂണിലും ജൂലൈയിലുമായി 39 ദിവസം നീണ്ട ഫുട്ബോൾമാമാങ്കം. 48 ടീമുകൾ പങ്കെടുത്ത ഗംഭീര ഫുട്ബോൾവിരുന്നായിരുന്നു അത്.

ഇഷ്ടപ്പെട്ട ടീമിന്റെ ഫാൻസുകാർ ആവേശം മൂത്ത് പലപ്പോഴും പെരുമാറിയിരുന്നത് സ്ഥിരബുദ്ധി നഷ്ടപ്പെട്ടവരെപ്പോലെയായിരുന്നു എന്നതാണ് സങ്കടകരമായ കാര്യം. പോർച്ചുഗൽ, അർജന്റീന, ബ്രസീൽ എന്നീ ടീമുകളുടെ ആരാധകരാണ് പരിസരം മറന്ന് പെരുമാറിയിരുന്നത്. വലിയ വലിയ പോസ്റ്ററുകൾ അവർ ഉയർത്തി. പോർച്ചുഗൽ ഫാൻസ് 'ഒരേയൊരു രാജാവ്' എന്നാണ് ക്രിസ്റ്റ്യാനോ റൊണാൾഡോയെ വിശേഷിപ്പിച്ചത്. അർജന്റീന ഫാൻസ് 'ഒരേയൊരു മശിഹ' എന്ന് അവരുടെ സൂപ്പർതാരമായ മെസ്സിയെ വിശേഷിപ്പിച്ചു. ബ്രസീൽഫാൻസ് നെയ്മറെ വിശേഷിപ്പിച്ചത് 'ഒരേയൊരു സുൽത്താൻ' എന്നും!

പക്ഷേ എന്തുണ്ടായി? ആദ്യം 'രാജാവ്' പുറത്തായി. പിന്നെ 'സുൽത്താൻ' കരഞ്ഞ് കളംവിട്ടു. അവസാനം 'മശിഹാ'യും നിറഞ്ഞ കണ്ണുകളോടെ വിടവാങ്ങി. സ്പെയ്ൻ ലോകകപ്പും കൊണ്ട് പോയി. ആരാധന മൂത്ത് വട്ടായവരെല്ലാം മാളങ്ങളിലൊളിച്ചു. തങ്ങൾ ഉയർത്തിയ കൂറ്റൻ ബാനറുകൾ അഴിച്ചുമാറ്റാൻ വരെ അവരാരും തയ്യാറായില്ല.

വിശ്വാസികളും ഒട്ടും മോശമല്ലായിരുന്നു. ഫുട്ബോൾകളിയെ സ്നേഹിക്കുന്നത് തെറ്റല്ല. അന്ധമായ ആരാധനാമനോഭാവമാണ് തെറ്റായിട്ടുള്ളത്. ദൈവത്തിന്റെ സ്ഥാനമാണ് ഫാൻസ്കാർ റൊണാൾഡോയ്ക്കും മെസ്സിക്കും നെയ്മറിനും കൊടുത്തത്. അവരെങ്ങാനും ജയിച്ചിരുന്നുവെങ്കിൽ ഈ ഫാൻസുകാർക്ക് ഭ്രാന്തിന്റെ കൂടെ നിഗളവും കൂടി വന്നേനേ. ഇപ്പോൾ അവരെല്ലാം തങ്ങളുടെ ഇഷ്ടപ്പെട്ട ടീമിന്റെ തോൽവിയെ ന്യായീകരിക്കാനുള്ള തിരക്കിലാണ്. റഫറി ശരിയല്ല, ഫിഫ ശരിയല്ല, ലൈൻ റഫറി ശരിയല്ല... തോറ്റിട്ടും തോൽവി സമ്മതിക്കാൻ അവരുടെ മനസ്സ് തയ്യാറാകുന്നില്ല.

ജയ് വിളിക്കുകയാണെങ്കിൽ തോൽക്കാത്തവന് ജയ് വിളിക്കണം. ആരാധിക്കുന്നുവെങ്കിൽ ഒരിക്കലും പരാജയപ്പെടാത്തവനെ ആരാധിക്കണം. പുകഴ്ത്തി സംസാരിക്കുന്നുവെങ്കിൽ യാതൊരു കളങ്കവുമില്ലാത്തവനെ സ്തുതിക്കണം. ഒരാൾക്ക് എത്ര കഴിവുകളുണ്ടെങ്കിലും അയാൾ സാധാരണ മനുഷ്യൻ മാത്രമാണ്. എപ്പോൾ വേണമെങ്കിലും നിശ്ചലമാകാവുന്ന ഹൃദയവും എപ്പോൾ വേണമെങ്കിലും പരിക്കുപറ്റി പിന്മാറേണ്ടിവരുന്ന ശരീരവും ഉള്ളവൻ. തങ്ങളുടെ ഇഷ്ടപ്പെട്ട ടീം ജയിക്കണമെന്ന് ആഗ്രഹിക്കുന്നത് തെറ്റല്ല. പക്ഷേ ആ ടീമിനെ വാഴ്ത്തിപ്പാടി, അതിലെ കളിക്കാർക്ക് ദൈവികപരിവേഷം കൊടുക്കുന്നത് തെറ്റാണ്.

ഓരോ ലോകകപ്പിലും ഇത് തെളിഞ്ഞിട്ടുള്ളതാണ്. പിന്നെയും ബുദ്ധി പഠിക്കാതെ ഫാൻസുകാർ മണ്ടത്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. എത്ര തവണ പഠിച്ചിട്ടും പഠിക്കാത്തവർ! ഈ ലോകകപ്പ് തുടങ്ങുന്നതിനു മുമ്പ്, കപ്പുയർത്താനുള്ള സാധ്യത ഏറ്റവും കൂടുതൽ ഉള്ള ടീം ഫ്രാൻസ് എന്നാണ് പറഞ്ഞിരുന്നത്. ലഭ്യമായ എല്ലാ കണക്കുകളും ചേർത്തുവച്ചാണ് ആളുകൾ അങ്ങനെ പറഞ്ഞത്. പക്ഷേ ആ ഫ്രാൻസ് നാലാംസ്ഥാനത്തേക്ക് വീണു. മനുഷ്യന്റെ കണക്കുകൂട്ടലുകൾ അത്രേയുള്ളൂ.

ബ്രസീലിനെ തോൽപ്പിച്ചത് നോർവേ. അവരുടെ സൂപ്പർസ്റ്റാർ എർലിങ് ഹാർലണ്ട് എന്ന 26 വയസ്സുകാരൻ വെടിയുണ്ട കണക്കെ രണ്ട് ഗോളുകൾ അടിച്ചു. ബ്രസീൽ എന്ന അതികായൻ നിലംപൊത്തി. തുടർന്ന് എർലിങ് ഹാർലണ്ടിന്റെ ആഹ്ളാദപ്രകടനമാണ് കണ്ടത്. എല്ലാവരും അവനെ പുകഴ്ത്തി. വാഴ്ത്തിപ്പാടി. പക്ഷേ പിന്നീട് ഇംഗ്ലണ്ടുമായി നടന്ന കളിയിൽ പന്ത് കിട്ടാതെ മൈതാനത്ത് അലഞ്ഞുനടക്കേണ്ടിവന്ന ഹാർലണ്ടിനെയാണ് കണ്ടത്. ഇത്രേയുള്ളൂ എല്ലാം.

ക്ഷണികമായ, വെള്ളത്തിൻ കുമിള പോലുള്ള ഈ ജീവിതത്തിൽ നിത്യനായ ദൈവത്തെ മറന്ന് ആരും ഒന്നും ചെയ്യാതിരിക്കട്ടെ.

# ഓരോരോ ജന്മങ്ങള്!

23

**-എംവിഎസ്-**

## പാറ്റകൾ!


2026 മെയ് 15 ന്, സുപ്രീംകോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്തിന്റെ വായിൽനിന്ന് പുറപ്പെട്ട വാക്കുകൾ യുവാക്കളുടെ രോഷം ആളിക്കത്തിച്ചു. തൊഴിലില്ലാതെ നടക്കുന്ന ചെറുപ്പക്കാരെ 'പാറ്റകൾ' എന്നാണ് അദ്ദേഹം വിളിച്ചത്. അദ്ദേഹം പറഞ്ഞ വരികൾ ഇപ്രകാരമാണ്:

> പാറ്റകളെപ്പോലുള്ള ചെറുപ്പക്കാരുണ്ട്. അവർക്ക് തൊഴിലൊന്നും ലഭിക്കുന്നില്ല. തൊഴിലുകളിൽ സ്ഥാനവുമില്ല. അവരിൽ ചിലർ മാധ്യമങ്ങളായി മാറുന്നു. ചിലർ സോഷ്യൽമീഡിയ ആയി മാറുന്നു. ചിലർ വിവരാവകാശപ്രവർത്തകരായി മാറുന്നു. അവർ എല്ലാവരെയും ആക്രമിക്കാൻ തുടങ്ങുന്നു.

ഇതിനെത്തുടർന്ന് വ്യാപകമായ പ്രതിഷേധം ഉണ്ടായി. ക്രമക്കേടുകളുടെയും ചോദ്യപേപ്പർ ചോർച്ചയുടെയും കാരണത്താൽ നീറ്റ് പരീക്ഷാഫലം മെയ് 12 ന് റദ്ദാക്കിയ പശ്ചാത്തലത്തിൽ സങ്കടപ്പെട്ടും മാനംകെട്ടും നിന്നിരുന്ന യുവാക്കളെ ഈ പാറ്റാവിളി വളരെയധികം പ്രകോപിപ്പിച്ചു. തുടർന്ന് അഭിജിത് ദീപ്കെ എന്ന യുവാവിന്റെ നേതൃത്വത്തിൽ കോക്രോച്ച് ജനതാ പാർട്ടി രൂപം കൊണ്ടു. പിന്നെയങ്ങോട്ട് നടന്നത് അതിശയകരമായ യുവമുന്നേറ്റം!

നീറ്റ് പരീക്ഷയിലെ ക്രമക്കേടുകൾ നിമിത്തം വിദ്യാഭ്യാസമന്ത്രി ധർമ്മേന്ദ്ര പ്രധാൻ രാജി വയ്ക്കണമെന്ന് പാറ്റകളുടെ ജനതാപാർട്ടി ആവശ്യപ്പെട്ടു. ഒരിക്കലും നടക്കാത്ത ഒരു കാര്യം എന്ന നിലയിൽ പലരും അതിനെ പുച്ഛിച്ചു. പക്ഷേ യുവാക്കൾ കരുത്ത് കാട്ടി. പൊലീസും അധികാരികളും യുവാക്കളെ അടിച്ചമർത്താൻ പരമാവധി ശ്രമിച്ചു. ശുദ്ധജലം, വെളിച്ചം, ശുചിമുറി എന്നിവ തടഞ്ഞു. സമൂഹമാധ്യമവിലക്ക് ഏർപ്പെടുത്തി. ലാത്തിച്ചാർജ്ജ് നടത്തി. മെട്രോ സ്റ്റേഷനുകൾ അടച്ചിട്ടു. ഇന്റർനെറ്റ് വിലക്കി. സമരക്കാർക്ക് ഭക്ഷണമെത്തിക്കുന്നവരെ പൊലീസ് വേട്ടയാടി.

എന്തൊക്കെ ചെയ്തിട്ടും യുവശക്തിയെ തടയാനായില്ല. വിദ്യഭ്യാസമന്ത്രി ഒടുവിൽ രാജി വച്ചു. നരവംശശാസ്ത്രത്തിൽ മാസ്റ്റർ ബിരുദമുള്ള വിദ്യാഭ്യാസമന്ത്രി രാജി വച്ചതിന് ശേഷം അദ്ദേഹം പറഞ്ഞത് കേട്ടുവോ? രാജ്യവിരുദ്ധശക്തികൾ മുതലെടുക്കുന്നത് തടയാനാണ് രാജിവച്ചതെന്ന്! എന്താലേ... ഓരോരോ ജന്മങ്ങള്!


സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും
സ്വന്തവീട്ടിൽ ചേർന്നിടുവാൻ..
മമ കാന്തനെ ഒന്നു കാണുവാൻ...
ഈ വാത്സല്യപിതാവ് ഭക്ത
നായിരുന്നു. പ്രാർത്ഥനാവീ
രനായിരുന്നു. മാതൃകയായി
രുന്നു
!
!!
എന്തറിഞ്ഞിട്ടാ ഈ പറഞ്ഞതെല്ലാം...
ഇയാള് കള്ളുകുടിയനായിരുന്നു
ഏറ്റവും കൂടുതൽ നു
ണ പറയാനുള്ള വേദി
യാണ് മരണവീട്
അത് സാരമില്ല. ദൈവനാമം മഹത്വപ്പെ
ടാനായി കുറച്ചൊക്കെ നുണയാകാം.
ബ്രദറേ, ഞാൻ പോവുകയാണ്. തിരക്കുണ്ട്.
വേഗത്തിൽ പോകണം
ശരി, വന്നതിന് നന്ദി
അങ്ങേ വിശ്വസ്ത ദാസ
ന്മാരായി ജീവിക്കാൻ സ
ഹായിക്കണേ...
ശരി, ബ്രദറേ, ഞാൻ പോവുകയാണ്.
തിരക്കുള്ളതുകൊണ്ടാ, കേട്ടോ...
ഇതിപ്പൊ 5-ാമത്തെ തവണയായല്ലോ ഇ
ദ്ദേഹം ഇങ്ങനെ പറയുന്നത്... തിരക്കുണ്ട്
എന്നു പറയുന്നു... പക്ഷേ പോകുന്നു
മില്ല. എന്താണാവോ ഇങ്ങനെ?
അയാൾക്ക് പണം കൊടുത്താലേ പോകൂ.
അതിനാണ് ഇടയ്ക്കിടെ വന്നു പറയു
ന്നത്
ഇയാളൊന്നും നിങ്ങളോടുള്ള സ്നേഹം
കൊണ്ട് വരുന്നതല്ല, കാശ് കിട്ടാനായി
വരുന്നതാണ്. ഇങ്ങനെയും ചിലരുണ്ട്

# ആനുകാലികം

-എംവിഎസ്-

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രതിസന്ധിയിൽ

പാചകവാതക വില ഇരട്ടിയോളമായതിനൊപ്പം മുട്ട, പാൽ എന്നിവയുടെ വിലയും കൂടിയതോടെ സ്കൂളുകളിലെ സൗജന്യ ഉച്ചഭക്ഷണ പദ്ധതി പ്രതിസന്ധിയിൽ. നിലവിലെ സർക്കാർ വിഹിതം കൊണ്ട് പിടിച്ചു നിൽക്കാനാവാതെ പാടുപെടുകയാണ് സ്കൂളുകൾ. ഇറാൻ യുദ്ധത്തെ തുടർന്ന് വാണിജ്യ പാചകവാതക സിലിണ്ടറുകളുടെ വില കുതിച്ചതോടെ തുച്ഛമായ സർക്കാർ വിഹിതം കൊണ്ട് ഉച്ചഭക്ഷണം ഒരുക്കുന്ന സ്കൂളുകളാണ് ഏറ്റവും വലയുന്നത്.

കഴിഞ്ഞ അധ്യയനവർഷം അവസാനിക്കുമ്പോൾ 1800 രൂപയിൽ താഴെയായിരുന്ന എൽപിജി സിലിണ്ടറുകൾ നിലവിൽ 3200 രൂപ വരെ കൊടുത്താണ് വാങ്ങുന്നതെന്ന് സ്കൂളുകൾ പറയുന്നു. ഇതിനൊപ്പം പച്ചക്കറി, പലവ്യഞ്ജന സാധനങ്ങൾക്കും വില ഉയർന്നു. ഉച്ചഭക്ഷണത്തിനുള്ള അരി മാത്രമാണ് സപ്ലൈകോ വഴി സർക്കാർ നൽകുന്നത്. അധിക പോഷണപദ്ധതിയുടെ ഭാഗമായി ആഴ്ചയിൽ ഒരു ദിവസം മുട്ടയും രണ്ട് ദിവസം 150 മി.ലിറ്റർ വീതം പാലും കുട്ടികൾക്ക് കൊടുക്കുന്നുണ്ട്.

മുട്ടയ്ക്ക് 6 രൂപയാണ് സർക്കാർ വിഹിതം. എന്നാൽ മുട്ടയ്ക്ക് 8.5 രൂപയാണ് ഇപ്പോൾ വില. പാലിന് വില കൂട്ടിയെങ്കിലും ഇപ്പോഴും സർക്കാർ നൽകുന്നത് ലിറ്ററിന് 52 രൂപയാണ്. (2026 ജൂലൈ 25 ലെ പത്രവാർത്ത)

പണ്ട് സ്കൂളിൽ കൊടുത്തിരുന്നത് ഉപ്പുമാവ് ആണ്. നല്ല നുറുക്കുഗോതമ്പ് കൊണ്ടുണ്ടാക്കിയ ഉപ്പുമാവ്. വലിയ കുഴപ്പമില്ലാതെ മുന്നേറിയിരുന്നതാണ് അത്. അപ്പോഴേക്കും പരിഷ്കാരമായി. ഉപ്പുമാവ് പോയി ഉച്ചഭക്ഷണമായി. വളരെ നല്ല കാര്യം. പക്ഷേ അത് മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ലെങ്കിൽ എന്തു പ്രയോജനം? ആവശ്യമില്ലാത്ത പല കാര്യങ്ങൾക്കും പണം ചെലവഴിക്കാൻ സർക്കാരുകൾ ശ്രമിക്കുന്നു. അടിസ്ഥാന ആവശ്യങ്ങൾക്കാണെങ്കിൽ പണമില്ലാത്ത അവസ്ഥയും! ഉച്ചഭക്ഷണപദ്ധതിയിൽ 60 % കേന്ദ്രവിഹിതവും 40 % സംസ്ഥാനവിഹിതവുമാണത്രേ! രണ്ടു കൂട്ടരുടെയും പക്കൽ പണമില്ലേ?

Press Registrar of General of India under No. KERMAL/2012/54719

Price: Rs.5/-

www.reallifevoice.in

ഡോ. എം. വി. സെബാസ്റ്റ്യന്റെ കൃതികൾ

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളൂടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V